**മധുരമായ കുട്ടികളേ - സദാ ഈ സന്തോഷത്തിലിരിക്കൂ നമ്മൾ 84 ന്റെ ചക്രം പൂർത്തിയാക്കിയിരിക്കുകയാണ്, ഇപ്പോൾ നമ്മുടെ വീട്ടിലേയ്ക്ക് പോകുകയാണ്, ബാക്കി കുറച്ച് ദിവസമാണ് ഈ കർമ്മാനുഭവമുള്ളത്.**

**ചോദ്യം:-** വികർമ്മാജീത്തായി മാറുന്ന കുട്ടികൾക്ക് വികർമ്മങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി ഏത് കാര്യത്തിൽ വളരെയധികം ശ്രദ്ധിക്കണം?
**ഉത്തരം:-** സർവ്വ വികർമ്മങ്ങളുടെയും വേരാണ് ദേഹാഭിമാനം, ഒരിക്കലും ആ ദേഹാഭിമാനത്തിൽ വരരുത്, ഇത് ശ്രദ്ധിക്കണം. ഇതിന് വേണ്ടി ഇടയ്ക്കിടയ്ക്ക് ദേഹീ അഭിമാനിയായി മാറി ബാബയെ ഓർമ്മിക്കണം. നല്ലതിന്റെയും മോശമായതിന്റെയും ഫലം തീർച്ചയായും ലഭിക്കുന്നു, അന്തിമത്തിൽ വിവേകം കാർന്നു കൊണ്ടിരിക്കും. എന്നാൽ ഈ ജന്മത്തിന്റെ പാപങ്ങളുടെ ഭാരത്തെ ഇല്ലാതാക്കുന്നതിന് വേണ്ടി ബാബയെ സത്യം സത്യമായി കേൾപ്പിക്കണം.

**ഓം ശാന്തി.** ഓർമ്മയുടെ ലക്ഷ്യം ഉയർന്നതിലും ഉയർന്നതാണ്. വളരെ പേർക്ക് കേവലം കേൾക്കുന്നതിന്റെ മാത്രം താത്പര്യമായിരിക്കും. ജ്ഞാനത്തെ മനസ്സിലാക്കുന്നത് വളരെ സഹജമാണ്. 84 ന്റെ ചക്രത്തെ മനസ്സിലാക്കണം, സ്വദർശന ചക്രധാരിയായി മാറണം. കൂടുതലൊന്നുമില്ല. നമ്മളെല്ലാവരും സ്വദർശന ചക്രധാരിയാണെന്ന് നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു. സ്വദർശന ചക്രം കൊണ്ട് ആരുടെയും കഴുത്ത് മുറിക്കുകയില്ല, കൃഷ്ണനിൽ കാണിച്ചിരിക്കുന്നത് പോലെ. ഇപ്പോൾ ഈ ലക്ഷ്മീ നാരായണൻ വിഷ്ണുവിന്റെ രണ്ട് രൂപമാണ്. അവർക്കെന്താ സ്വദർശന ചക്രമുണ്ടോ? പിന്നെ കൃഷ്ണനെന്തിനാണ് സ്വദർശന ചക്രം കാണിച്ചിരിക്കുന്നത്? ഒരു മാഗസീൻ ഇറക്കിയിട്ടുണ്ട്, അതിൽ കൃഷ്ണന്റെ ഇങ്ങനെയുള്ള അനേകം ചിത്രം കാണിച്ചിരിക്കുന്നു. ബാബ വന്ന് നിങ്ങളെ രാജയോഗം പഠിപ്പിക്കുകയാണ്, ചക്രത്താൽ അസുരന്മാരെ കൊല്ലുന്നില്ല. ആരുടെയാണോ ആസുരീയ സ്വഭാവം, അസുരരെന്ന് അവരെയാണ് പറയുന്നത്, ബാക്കി മനുഷ്യരെല്ലാം മനുഷ്യരാണല്ലോ. സ്വദർശന ചക്രം കൊണ്ട് എല്ലാവരെയും കൊല്ലുന്നു, ഇങ്ങനെയല്ല. ഭക്തിമാർഗ്ഗത്തിൽ എന്തെല്ലാം ചിത്രങ്ങളാണിരുന്ന് ഉണ്ടാക്കിയിരിക്കുന്നത്. രാത്രിയും പകലിന്റെയും വ്യത്യാസമാണ്. നിങ്ങൾ കുട്ടികൾക്ക് ഈ സൃഷ്ടി ചക്രവും മുഴുവൻ ഡ്രാമയെയും അറിയണം എന്തുകൊണ്ടെന്നാൽ എല്ലാവരും അഭിനേതാക്കളാണ്. ആ പരിധിയുള്ള അഭിനേതാക്കളാണെങ്കിൽ ഡ്രാമയെ അറിയുന്നു. ഇത് പരിധിയില്ലാത്ത നാടകമാണ്. ഇതിൽ വിശദമായി മനസ്സിലാക്കാൻ സാധിക്കില്ല. അതാണെങ്കിൽ രണ്ട് മണിക്കൂറിന്റെ നാടകമാണ്. പാർട്ട് വിശദമായി അറിയുന്നു. ഇതാണെങ്കിൽ 84 ജന്മങ്ങളെക്കുറിച്ച് അറിയണം.

ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് - ഞാൻ ബ്രഹ്മാവിന്റെ ശരീരത്തിൽ പ്രവേശിക്കുന്നു. ബ്രഹ്മാവിന്റെയും 84 ജന്മങ്ങളുടെ കഥ ഉണ്ടാവണം. മനുഷ്യരുടെ ബുദ്ധിയിൽ ഈ കാര്യങ്ങളൊന്നും വരിക സാധ്യമല്ല. ഇതു പോലും മനസ്സിലാക്കുന്നില്ല 84 ലക്ഷം ജന്മങ്ങളാണോ 84 ജന്മങ്ങളാണോ? ബാബ പറയുന്നു നിങ്ങളുടെ 84 ജന്മങ്ങളുടെ കഥ കേൾപ്പിക്കുകയാണ്. 84 ലക്ഷം ജന്മമാണെങ്കിൽ കേൾപ്പിക്കുന്നതിന് എത്ര വർഷം വേണ്ടി വരും. നിങ്ങളാണെങ്കിൽ സെക്കന്റിൽ അറിഞ്ഞു - ഇത് 84 ജന്മങ്ങളുടെ കഥയാണ്. നമ്മൾ 84 ന്റെ ചക്രം എങ്ങനെയാണ് കറങ്ങിയത്, 84 ലക്ഷമാണെങ്കിൽ സെക്കന്റിൽ മനസ്സിലാക്കാൻ സാധിക്കില്ല. 84 ലക്ഷം ജന്മങ്ങൾ ഇല്ല. നിങ്ങൾ കുട്ടികൾക്കും സന്തോഷമുണ്ടാവണം. നമ്മുടെ 84 ന്റെ ചക്രം പൂർത്തിയായിരിക്കുന്നു. ഇപ്പോൾ നമ്മൾ വീട്ടിലേയ്ക്ക് പോവുകയാണ്. ബാക്കി കുറച്ച് ദിവസം ഈ കർമ്മ ഭോഗുണ്ട്. വികർമ്മം ഭസ്മമായി കർമ്മാതീത അവസ്ഥ എങ്ങനെ ഉണ്ടാകും, ഇതിന് വേണ്ടിയാണ് ഈ യുക്തി പറഞ്ഞത്. ബാക്കി മനസ്സിലാക്കി തരുകയാണ് ഈ ജന്മത്തിൽ ഏതെല്ലാം വികർമ്മങ്ങൾ ചെയ്തിട്ടുണ്ടോ അത് എഴുതി നൽകുകയാണെങ്കിൽ ഭാരം കുറയും. ജന്മ ജന്മാന്തരങ്ങളുടെ വികർമ്മമൊന്നും ആർക്കും എഴുതാൻ സാധിക്കില്ല. വികർമ്മം ചെയ്താണ് വന്നത്. എപ്പോഴാണോ രാവണ രാജ്യം ആരംഭിച്ചത് അപ്പോൾ മുതൽ കർമ്മം വികർമ്മമായി മാറാൻ തുടങ്ങി. സത്യയുഗത്തിൽ കർമ്മം അകർമ്മമായിരിക്കും. ഭഗവാനുവാചാ - നിങ്ങൾക്ക് കർമ്മം-അകർമ്മം-വികർമ്മത്തിന്റെ ഗതിയെ മനസ്സിലാക്കി തരികയാണ്. വികർമ്മാജീത്തിന്റെ വർഷം ലക്ഷ്മീ നാരായണനിൽ നിന്ന് ആരംഭിക്കുന്നു. ഏണിപ്പടിയിൽ വളരെ വ്യക്തമാണ്. ശാസ്ത്രങ്ങളിലെവിടെയും ഈ കാര്യങ്ങളില്ല. സൂര്യവംശീ, ചന്ദ്രവംശിയുടെ രഹസ്യവും നിങ്ങൾ കുട്ടികൾ മനസ്സിലാക്കി അതായത്, നമ്മൾ തന്നെയായിരുന്നു. വിരാട രൂപത്തിന്റെ ചിത്രവും ഒരുപാട് ഉണ്ടാക്കിയിട്ടുണ്ട് എന്നാൽ അർത്ഥമൊന്നും അറിയുകയില്ല. ബാബയ്ക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കി തരാൻ സാധിക്കില്ല. ഈ ബ്രഹ്മാവിന്റെയും മുകളിൽ ആരോ ഉണ്ടല്ലോ, അവർ പഠിപ്പിച്ചതാ

യിരിക്കും. അഥവാ ഏതെങ്കിലും ഗുരുവാണ് പഠിപ്പിച്ചതെങ്കിൽ ആ ഗുരുവിന്റെ കേവലം ഒരു ശിഷ്യനായിരിക്കില്ല ഉണ്ടാവുക. ബാബ പറയുകയാണ് – കുട്ടികളെ, നിങ്ങൾക്ക് പതിതത്തിൽ നിന്ന് പാവനം, പാവനത്തിൽ നിന്ന് പതിതമായി മാറുക തന്നെ വേണം. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. അനേകം പ്രാവശ്യം ഈ ചക്രം കറങ്ങിയതാണ്. കറങ്ങികൊണ്ടേയിരിക്കും. നിങ്ങൾ ആൾ റൗണ്ട് പാർട്ട്ധാരികളാണ്. ആദ്യം മുതൽ അവസാനം വരെയും പാർട്ട് വേറെ ആരുടെയുമില്ല. നിങ്ങൾക്ക് തന്നെയാണ് ബാബ മനസ്സിലാക്കി തരുന്നത്. പിന്നീട് നിങ്ങൾ ഇതും മനസ്സിലാക്കുന്നു മറ്റു ധർമ്മത്തിലുള്ളവർ ഇന്നയിന്ന സമയത്തിൽ വരുന്നു. നിങ്ങളുടെതാണെങ്കിൽ ആൾറൗണ്ട് പാർട്ടാണ്. ക്രിസ്യാനികൾ സത്യയുഗത്തിൽ ഉണ്ടായിരുന്നുവെന്ന് പറയുകയില്ല. അവരാണെങ്കിൽ ദ്വാപരയുഗത്തിന്റെയും മദ്ധ്യത്തിലാണ് വരുന്നത്. ഈ ജ്ഞാനം നിങ്ങൾ കുട്ടികളുടെ മാത്രം ബുദ്ധിയിലാണുള്ളത്. മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാനും സാധിക്കുന്നു. മറ്റാരും സൃഷ്ടിയുടെ ആദി–മധ്യ–അന്ത്യത്തെക്കുറിച്ച് അറിയുന്നില്ല. രചയിതാവിനെ തന്നെ അറിയുന്നില്ലായെങ്കിൽ രചനയെ എങ്ങനെ അറിയും. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ഏതാണോ യഥാർത്ഥമായ കാര്യങ്ങൾ അത് അച്ചടിച്ച് വിമാനത്തിലൂടെ എല്ലായിടത്തും വിതരണം ചെയ്യണം. ആ പോയിന്റുകൾ അഥവാ ടോപ്പിക്കുകൾ ഇരുന്നെഴുതണം. കുട്ടികൾ പറയുകയാണ് സേവയൊന്നുമില്ല. ബാബ പറയുകയാണ് സേവനം വളരെയധികമുണ്ട്. ഇവിടെ ഏകാന്തതയിലിരുന്ന് ഈ കാര്യം ചെയ്യൂ. ഏതെല്ലാം വലിയ വലിയ സ്ഥാപനങ്ങളുണ്ടോ, ഗീതാ പാഠശാല മുതലായവയുണ്ടോ, അതിനെയെല്ലാം ഉണർത്തണം. എല്ലാവർക്കും സന്ദേശം നൽകണം. ഇത് പുരുഷോത്തമ സംഗമയുഗമാണ്. ആരാണോ വിവേകശാലികൾ അവർ പെട്ടെന്ന് മനസ്സിലാക്കും, തീർച്ചയായും സംഗമയുഗത്തിൽ തന്നെയാണ് പുതിയ ലോകത്തിന്റെ സ്ഥാപനയും പഴയ ലോകത്തിന്റെ വിനാശവും ഉണ്ടാകുന്നത്. സത്യയുഗത്തിൽ പുരുഷോത്തമ മനുഷ്യരാണുണ്ടാകുന്നത്. ഇവിടെ ആസുരീയ സ്വഭാവമുള്ള പതിത മനുഷ്യരാണ്. ഇതും ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്, കുംഭമേള മുതലായവ നടക്കാറുണ്ട്, അനേകം പേർ സ്നാനം ചെയ്യാൻ പോകുന്നു. എന്തുകൊണ്ടാണ് സ്നാനം ചെയ്യാൻ പോകുന്നത്? പാവനമാകാൻ ആഗ്രഹിക്കുന്നു. അതിനാൽ എവിടെയല്ലാം മനുഷ്യർ സ്നാനം ചെയ്യാൻ പോകുന്നുണ്ടോ അവിടെ പോയി സേവനം ചെയ്യണം. മനുഷ്യർക്ക് മനസ്സിലാക്കി കൊടുക്കണം, ഈ ജലമൊന്നും പതിത പാവനിയല്ല. നിങ്ങളുടെയടുത്ത് ചിത്രവും ഉണ്ട്. ഗീതാ പാഠശാലകളിൽ പോയി ഈ ഫോമുകൾ വിതരണം ചെയ്യണം. കുട്ടികൾ സേവനം ആഗ്രഹിക്കുന്നു. ഇതിരുന്ന് എഴുതൂ – ഗീതയുടെ ഭഗവാൻ പരംപിതാ പരമാത്മാവ് ശിവനാണ്, കൃഷ്ണനല്ല. പിന്നെ ശിവബാബയുടെ ജീവചരിത്രത്തിന്റെ മഹിമ എഴുതൂ. ശിവബാബയുടെ ജീവചരിത്രം എഴുതൂ. പിന്നീട് അവർ സ്വയം തന്നെ തീരുമാനിക്കും. ഈ പോയിന്റും എഴുതണം പതിത–പാവനനാരാണ്? പിന്നീട് ശിവന്റെയും ശങ്കരന്റെയും വ്യത്യാസവും കാണിച്ചുകൊടുക്കണം. ശിവൻ വേറെയാണ്, ശങ്കരൻ വേറെയാണ്. ഇതും ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് – കല്പം 5000 വർഷത്തിന്റേതാണ്. മനുഷ്യർ 84 ജന്മങ്ങളെടുക്കുന്നു, 84 ലക്ഷം ജന്മങ്ങളെടുക്കുന്നില്ല. ഈ മുഖ്യ–മുഖ്യമായ കാര്യങ്ങൾ ചുരുക്കി എഴുതണം. ഇത് വിമാനത്തിലൂടെ വിതരണം ചെയ്യാൻ സാധിക്കും, മനസ്സിലാക്കി കൊടുക്കാനും കഴിയുന്നു. എങ്ങനെയാണോ ഈ സൃഷ്ടി ചക്രം, ഇതിൽ ഇന്നയിന്ന ധർമ്മം ഇന്നയിന്ന സമയത്തിൽ സ്ഥാപിക്കുന്നുവെന്ന് വ്യക്തമാണ്. അതിനാൽ ഈ സൃഷ്ടി ചക്രവും ഉണ്ടാവണം അതുകൊണ്ട് മുഖ്യമായ 12 ചിത്രങ്ങളുടെ കലണ്ടറുകളും ഉണ്ടാക്കാൻ സാധിക്കുന്നു, അതിൽ മുഴുവൻ ജ്ഞാനവും വരും അതുകൂടാതെ സേവനവും സഹജമാകും. ഈ ചിത്രം തികച്ചും അത്യാവശ്യമാണ്. ഏതെല്ലാം ചിത്രം ഉണ്ടാക്കണം, എന്തെല്ലാം പോയിന്റുകൾ എഴുതണം. അതിരുന്ന് എഴുതൂ.

നിങ്ങൾ ഗുപ്ത വേഷത്തിൽ ഈ പഴയ ലോകത്തിന്റെ പരിവർത്തനം ചെയ്തുകൊണ്ടിരിക്കുകയാണ്. അറിയപ്പെടാത്ത യോദ്ധാക്കളാണ്. നിങ്ങളെ ആരും അറിയുന്നില്ല. ബാബയും ഗുപ്തമാണ്, ജ്ഞാനവും ഗുപ്തമാണ്. ബാബയുടെ ശാസ്ത്രം മുതലായവയൊന്നും ഉണ്ടാക്കുന്നില്ല, മറ്റു ധർമ്മസ്ഥാപകരുടെ ബൈബിൾ മുതലായവ അച്ചടിക്കുന്നു, അത് പഠിച്ച് വരുന്നു. ഓരോരുത്തരുടെതും അച്ചടിക്കുന്നു. നിങ്ങളുടെത് പിന്നീട് ഭക്തിമാർഗ്ഗത്തിൽ അച്ചടിക്കുന്നു. ഇപ്പോൾ അച്ചടിക്കേണ്ടതില്ല എന്തുകൊണ്ടെന്നാൽ ഇപ്പോഴാണെങ്കിൽ ഈ ശാസ്ത്രം മുതലായവയെല്ലാം ഇല്ലാതാവുന്നതാണ്. ഇപ്പോൾ നിങ്ങൾക്ക് കേവലം ബുദ്ധിയിൽ ഓർമ്മിക്കണം. ബാബയുടെ ബുദ്ധിയിലും ജ്ഞാനമാണ്. ഒരു ശാസ്ത്രം മുതലായവയൊന്നും പഠിക്കുന്നില്ല. ബാബ നോളേജ് ഫുൾ ആണ്. നോളേജ് ഫുളിന്റെ അർത്ഥം മനുഷ്യർ മനസ്സിലാക്കുന്നത് എല്ലാവരുടെയും ഹൃദയത്തെ അറിയുന്നയാൾ എന്നാണ്. ഭഗവാൻ കാണുന്നു അപ്പോഴാണ് കർമ്മങ്ങളുടെ ഫലം നൽകുന്നത്. ബാബ പറയുന്നു ഇത് ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്. എന്ത് കർമ്മമാണോ ഡ്രാമയിൽ ചെയ്യുന്നത് അതിന്റെ ശിക്ഷ ഉണ്ടാകുന്നു. നല്ലതും മോശമായതുമായ കർമ്മത്തിന്റെ ഫലം ലഭിക്കുന്നു. അതിന്റെ ആധാരം ആരും തന്നെയല്ല. മനുഷ്യർ മനസ്സിലാക്കുന്നു കർമ്മങ്ങളുടെ ഫലം തീർച്ചയായും അടുത്ത ജന്മത്തിൽ ലഭിക്കുന്നു. അവസാന നിമിഷം വിവേകം വളരെ കാർന്നുകൊണ്ടിരിക്കും,

നമ്മൾ ഇന്നയിന്ന പാപം ചെയ്തു. എല്ലാം ഓർമ്മ വരുന്നു. എങ്ങനെയാണോ കർമ്മം അങ്ങനെയുള്ള ഫലം ലഭിക്കും. ഇപ്പോൾ നിങ്ങൾ വികർമ്മാ ജീത്തായി മാറിയിരിക്കുന്നുവെങ്കിൽ അങ്ങനെയുള്ള ഒരു വികർമ്മവും ചെയ്യരുത്. ഏറ്റവും വലിയ വികർമ്മമാണ് ദേഹാഭിമാനിയാവുക. ബാബ വീണ്ടും വീണ്ടും പറയുകയാണ് ദേഹീ അഭിമാനിയായി മാറി ബാബയെ ഓർമ്മിക്കൂ, പവിത്രമായിരിക്കുക തന്നെ വേണം. ഏറ്റവും വലിയ പാപമാണ് കാമവികാരത്തിൽ പോവുക. ഇതാണ് ആദി-മധ്യ-അന്ത്യം ദു:ഖം നൽകുന്നത് അതുകൊണ്ടാണ് സന്യാസിമാരും പറയുന്നത് ഇത് കാകവിഷ്ട സമാനമായ സുഖമാണ്. അവിടെ ദു:ഖത്തിന്റെ പേര് ഉണ്ടായിരിക്കില്ല. ഇവിടെ ദു:ഖം തന്നെ ദു:ഖമാണ്, അതുകൊണ്ടാണ് സന്യാസിമാർക്ക് വൈരാഗ്യം വരുന്നത്. എന്നാൽ അവർ കാട്ടിലേയ്ക്ക് പോകുന്നു. അവരുടെത് പരിധിയുള്ള വൈരാഗ്യമാണ്, നിങ്ങളുടെത് പരിധിയില്ലാത്ത വൈരാഗ്യമാണ്. ഈ ലോകം തന്നെ വളരെ മോശമാണ്. എല്ലാവരും പറയുന്നു ബാബാ വന്ന് ഞങ്ങളുടെ ദു:ഖത്തെ ഇല്ലാതാക്കി സുഖം നൽകൂ എന്ന്. ബാബ തന്നെയാണ് ദു:ഖത്തെ ഇല്ലാതാക്കി സുഖം നൽകുന്നത്. നിങ്ങൾ കുട്ടികൾ തന്നെയാണ് മനസ്സിലാക്കുന്നത് പുതിയ ലോകത്തിൽ ഈ ദേവതകളുടെ രാജ്യമായിരുന്നു. അവിടെ യാതൊരു പ്രകാരത്തിലുമുള്ള ദു:ഖം ഉണ്ടായിരുന്നില്ല. എപ്പോഴാണോ ആരെങ്കിലും ശരീരം ഉപേക്ഷിക്കുന്നത് അപ്പോൾ മനുഷ്യർ പറയുന്നു സ്വർഗ്ഗവാസിയായി എന്ന്. എന്നാൽ നമ്മൾ നരകത്തിലാണെന്ന് മനസ്സിലാക്കുന്നില്ല. നമ്മൾ എപ്പോൾ മരിക്കുന്നുവോ അപ്പോൾ സ്വർഗ്ഗത്തിൽ പോകും. എന്നാൽ അവരും സ്വർഗ്ഗത്തിൽ പോയോ അതോ ഇവിടെ നരകത്തിൽ വന്നോ? ഒന്നും മനസ്സിലാക്കുന്നില്ല. നിങ്ങൾ കുട്ടികൾക്ക് 3 അച്ഛന്മാരുടെ രഹസ്യവും എല്ലാവർക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. രണ്ട് അച്ഛനെ എല്ലാവരും മനസ്സിലാക്കിയിരിക്കുന്നു ലൗകികവും പാരലൗകികവും പിന്നെ ഈ അലൗകിക പ്രജാപിതാ ബ്രഹ്മാവ് ഇവിടെ സംഗമയുഗത്തിലാണ്. ബ്രാഹ്മണരും വേണമല്ലോ. ആ ബ്രാഹ്മണർ ബ്രഹ്മാവിന്റെ മുഖവംശാവലിയൊന്നുമല്ല. അറിയാം ബ്രഹ്മാവുണ്ടായിരുന്നു അതുകൊണ്ടാണ് ബ്രാഹ്മണ ദേവീ ദേവതാ നമ എന്ന് പറയുന്നത്. ഇത് അറിയുകയില്ല ആരെയാണ് പറയുന്നത്, ഏത് ബ്രാഹ്മണരാണ്? നിങ്ങൾ പുരുഷോത്തമ സംഗമയുഗീ ബ്രാഹ്മണരാണ്. അവർ കലിയുഗിയാണ്. ഇത് പുരുഷോത്തമ സംഗമയുഗമാണ്, എപ്പോഴാണോ നിങ്ങൾ മനുഷ്യനിൽ നിന്ന് ദേവതയായി മാറുന്നത്. ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന നടന്നു കൊണ്ടിരിക്കുന്നു. അതിനാൽ കുട്ടികൾക്ക് എല്ലാ പോയിന്റുകളും ധാരണ ചെയ്യുകയും ശേഷം സേവനം ചെയ്യുകയും വേണം. പൂജ ചെയ്യാനും ശ്രാദ്ധം കഴിപ്പിക്കാനും ബ്രാഹ്മണർ വരുന്നു. അവരുമായും നിങ്ങൾക്ക് സംസാരിക്കാം. നിങ്ങളെ സത്യമായ ബ്രാഹ്മണനാക്കാൻ സാധിക്കും. ഇപ്പോൾ ചടങ്ങുകളുടെ മാസം വരികയാണ്, എല്ലാ പിതൃക്കളെയും കഴിപ്പിക്കുന്നു. അതും യുക്തിയോടുകൂടി ചെയ്യണം, ഇല്ലായെങ്കിൽ പറയും ബ്രഹ്മാകുമാരിമാരുടെ അടുത്ത് പോയി എല്ലാം ഉപേക്ഷിച്ചുവെന്ന്. അങ്ങനെ ഒന്നും ചെയ്യരുത്, അതിലൂടെ വിരോധമുണ്ടാകും. യുക്തിയോടുകൂടി നിങ്ങൾക്ക് ജ്ഞാനം നൽകാൻ സാധിക്കും. തീർച്ചയായും ബ്രാഹ്മണർ വരും, അപ്പോൾ ജ്ഞാനം നൽകാമല്ലോ. ഈ മാസത്തിൽ നിങ്ങൾക്ക് ബ്രാഹ്മണരുടെ ഒരുപാട് സേവനം ചെയ്യാൻ സാധിക്കും. നിങ്ങൾ ബ്രാഹ്മണരാണെങ്കിൽ പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളാണ്. പറയൂ ബ്രാഹ്മണ ധർമ്മം ആരാണ് സ്ഥാപിച്ചത്? നിങ്ങൾക്ക് വീട്ടിലിരുന്ന് തന്നെ അവരുടെയും സേവനം ചെയ്യാൻ സാധിക്കും. അമർനാഥിലേയ്ക്ക് യാത്രയ്ക്ക് പോകുമ്പോൾ കേവലം എഴുത്തിലൂടെ അവർ ഇത്രയും മനസ്സിലാക്കുകയില്ല. അവിടെ ഇരുന്ന് മനസ്സിലാക്കി കൊടുക്കണം. ഞങ്ങൾ നിങ്ങൾക്ക് സത്യമായ അമരനാഥന്റെ കഥ കേൾപ്പിക്കാം. അമരനാഥനെന്ന് ഒരാളെ മാത്രമാണ് പറയുന്നത്. അമരനാഥൻ അർത്ഥം ആരാണോ അമരപുരി സ്ഥാപന ചെയ്തത്. അത് സത്യയുഗമാണ്. അങ്ങനെയുള്ള സേവനം ചെയ്യണം. അവിടെ കാൽനടയായി പോകേണ്ടി വരും. ആരാണോ നല്ല നല്ല വലിയ വലിയ ആളുകൾ അവർക്ക് പോയി മനസ്സിലാക്കി കൊടുക്കണം. സന്യാസിമാർക്കും നിങ്ങൾക്ക് ജ്ഞാനം നൽകാൻ സാധിക്കും. നിങ്ങൾ മുഴുവൻ സൃഷ്ടിയുടെയും മംഗളകാരികളാണ്. ശ്രീമതത്തിലൂടെ നമ്മൾ വിശ്വത്തിന്റെ മംഗളം ചെയ്തുകൊണ്ടിരിക്കുകയാണ് - ബുദ്ധിയിൽ ഈ ലഹരി ഉണ്ടായിരിക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടകൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ഏകാന്തത അഥവാ സമയം ലഭിക്കുമ്പോൾ നല്ല നല്ല പോയിന്റുകളിന്മേൽ വിചാര സാഗര മഥനം ചെയ്ത് എഴുതണം. എല്ലാവർക്കും സന്ദേശം എത്തിച്ചേരുന്ന അഥവാ എല്ലാവരുടെയും മംഗളം ചെയ്യുന്നതിന്റെ യുക്തി രചിക്കണം.

2. വികർമ്മങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി ദേഹീ അഭിമാനിയായി മാറി ബാബയെ ഓർമ്മിക്കണം. ഇപ്പോൾ ഒരു വികർമ്മവും ചെയ്യരുത്, ഈ ജന്മത്തിൽ ചെയ്ത വികർമ്മം ബാപ്ദാദയെ സത്യം സത്യമായി കേൾപ്പിക്കണം.

## വരദാനം:- അചഞ്ചലമായ ഭാവിയെ അറിഞ്ഞുകൊണ്ടും ശ്രേഷ്ഠ കാര്യത്തിന് പ്രത്യക്ഷരൂപം കൊടുക്കുന്ന സദാ സമർത്ഥ സ്വരൂപരായി ഭവിക്കട്ടെ.

പുതിയ ശ്രേഷ്ഠ ലോകം സ്ഥാപിക്കുന്നതിന്റെ ഭാവി അചഞ്ചലമായിരുന്നിട്ടും സമർത്ഥ ഭവ എന്ന വരദാനി കുട്ടികൾ കേവലം കർമ്മവും ഫലത്തിന്റെയും, പുരുഷാർത്ഥവും പ്രാലബ്ദത്തിന്റെയും, നിമിത്തവും വിനയത്തിന്റെയും കർമ്മ തത്വമനുസരിച്ച് നിമിത്തമായി മാറി കാര്യം ചെയ്യുന്നു. ലോകത്തുള്ളവർക്ക് പ്രതീക്ഷ കാണപ്പെടുന്നില്ല. എന്നാൽ താങ്കൾ കുട്ടികൾ പറയുന്നു, ഈ കാര്യം അനേക തവണ നടന്നതാണ് ഇപ്പോഴും നടക്കേണ്ടതാണ് എന്തുകൊണ്ടെന്നാൽ സ്വ പരിവർത്തനത്തിന്റെ പ്രത്യക്ഷ തെളിവിന് മുന്നിൽ മറ്റൊരു തെളിവിന്റെയും ആവശ്യകത തന്നെയില്ല. അതോടൊപ്പം പരമാത്മാവിന്റെ കാര്യം സദാ സഫലമാവുക തന്നെ ചെയ്യും.

## സ്ലോഗൻ:- പറയുന്നത് കുറവും ചെയ്യുന്നത് കൂടുതലും- ഈ ശ്രേഷ്ഠ ലക്ഷ്യം മഹാനാക്കി മാറ്റും.

**അവ്യക്ത സൂചനകൾ:- സഹജയോഗിയാകണമെങ്കിൽ പരമാത്മാ സ്നേഹത്തിന്റെ അനുഭവിയാകൂ.**
സേവനത്തിലും സ്വയത്തിന്റെ കയറുന്ന കലയിലും സഫലതക്കുള്ള മുഖ്യ ആധാരമാണ്- ഒരു ബാബയുമായി മുറിയാത്ത സ്നേഹം. ബാബയെ അല്ലാതെ മറ്റൊന്നും കാണപ്പെടരുത്. സങ്കല്പത്തിലും ബാബ, വാക്കുകളിലും ബാബ, കർമ്മത്തിലും ബാബയുടെ കൂട്ട്, അങ്ങനെയുള്ള ലൗലീന സ്ഥിതിയിലിരുന്ന് ഒരു വാക്കെങ്കിലും പറഞ്ഞാൽ ആ സ്നേഹത്തിന്റെ വാക്ക് മറ്റേ ആത്മാവിനെയും സ്നേഹത്തിൽ ബന്ധിക്കപ്പെടും. അങ്ങനെയുള്ള ലൗലീന ആത്മാക്കളുടെ ഒരു ബാബാ ശബ്ദം തന്നെ ഇന്ദ്രജാലത്തിന്റെ ജോലി ചെയ്യും.